**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3286 **19.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പാവപ്പെട്ട പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥതലത്തിലെ വീഴ്ച മൂലം അർഹതപ്പെട്ടവർക്ക് കിട്ടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ തന്നെ നടപടികൾ എടുക്കുന്നുണ്ട്. |
| (ബി) | ഇങ്ങനെ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ എന്തെങ്കിലും നിയമനിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് വീടില്ലാത്ത പാവപ്പെട്ട പട്ടികജാതിക്കാർക്ക് വീട് പണിത് നൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് വീടില്ലാത്ത പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും അനുവദിച്ചു നൽകുന്നു. |
| (ഡി) | ഓരോ നിയോജക മണ്ഡലങ്ങളിലും പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി വിവിധ തരം പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിയോജക മണ്ഡല അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്ന രീതി നിലവിലില്ല. |

| | | | |
|---|---|---|---|
| (ഇ) | പട്ടികജാതി/പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികളുടെ വിവിധ വിദ്യാഭ്യാസത്തിനായുള്ള ആനുകൂല്യം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 50% വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ